- മൃഗസംരക്ഷണവകുപ്പും, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് കരങ്ങു മരണമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലങ്ങളിൽ അണുനശീകരണ പ്രവർത്തനങ്ങൾ (ടിക് കൺട്രോൾ) നടത്തിവരുന്നു.

- രോഗബാധ സാധ്യതയേറെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധത്തിനും ചികിത്സയ്ക്കും പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്രത്തിൽനിന്ന് ഒരു ടീം വയനാട് ജില്ല സന്ദർശിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി പ്രത്യേകിച്ച് ധാരണയിൽ ഒന്നും ഏർപ്പെട്ടിട്ടില്ല.

(ബി) മനുഷ്യരിൽനിന്നും മനുഷ്യരിലേക്ക് നേരിട്ട് രോഗം പകരാത്തതുകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് പ്രത്യേകിച്ച് പരിരക്ഷ ആവശ്യമില്ല എന്നിരുന്നാലും വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും പ്രതിരോധ വാക്സിനും നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. രോഗ സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അവബോധവും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും നൽകിവരുന്നു.

സ്വസ്ഥം പദ്ധതി

33 (725) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വസ്ഥം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീ ആർ.സി.സി.-യുമായും ആരോഗ്യവകുപ്പുമായും സഹകരിച്ചുകൊണ്ട് അർബുദരോഗ നിർണ്ണയ സ്ക്രീനിംഗ് നടത്തുന്നതിനും ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനും ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്വാസ്ഥ്യം.

(ബി) സംസ്ഥാനത്ത് നിലവിലുള്ള 40 ലക്ഷത്തിൽപരം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്യാൻസർ സ്ക്രീനിംഗ് നടത്തി രോഗസാധ്യതയുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് അടുത്തുള്ള അർബുദ ചികിത്സാകേന്ദ്രത്തിൽ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ക്യാൻസർ രോഗത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ അകറ്റുന്നതിനും ക്യാൻസർ ചികിത്സയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(സി) സ്വാസ്ഥ്യം പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം ആർ.സി.സി.-യും കുടുംബശ്രീയും, സംസ്ഥാന ആരോഗ്യവകുപ്പും സംയുക്തമായി പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുണ്ട്. ഇത് ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയാണ് ഉദ്ദേശ്യം. സ്ക്രീനിംഗ് പ്രോഗ്രാമിലൂടെ തടയാവുന്ന ക്യാൻസർ രോഗങ്ങളോ/നേരത്തെ കണ്ടുപിടിച്ചാൽ ഉചിതമായി ചികിത്സിക്കാൻകഴിയുന്ന ക്യാൻസർ രോഗങ്ങളോ നേരത്തേ കണ്ടുപിടിക്കാവുന്നതാണ്.

(ഡി) കുടുംബശ്രീ മിഷൻ, സാമൂഹിക സുരക്ഷാവകുപ്പ്, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, സംസ്ഥാന ആരോഗ്യവകുപ്പ് എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

ആലപ്പുഴ ജനറൽ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ

34 (726) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജനറൽ ആശുപത്രി കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുതകെട്ടിടങ്ങൾ അറ്റകുറ്റപ്പണിനടത്തി ഉപയോഗപ്രദമാക്കുന്നതിനും ജനറൽ ആശുപത്രിയുടെ വികസനത്തിനും നടപടി കൈക്കൊള്ളുമോ ?